**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 571** **02-02-2023 - ൽ മറുപടിയ്ക്ക്**

**പനച്ചമൂടിൽ ആധുനിക മത്സ്യ മാർക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിലെ പനച്ചമൂടിൽ കിഫ്ബി പദ്ധതി പ്രകാരം ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | 29-06-2018-ലെ സ.ഉ (സാധാ) നം.535/2018/ മ.ഉ.വ നമ്പർ സർക്കാർ ഉത്തരവു പ്രകാരം, പനച്ചമൂട് മത്സ്യമാർക്കറ്റിന്റെ നവീകരണത്തിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ (എസ്.പി.വി) തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച വിശദമായ പദ്ധതി രേഖ കിഫ്ബി പരിശോധിച്ച ശേഷം 09-08-2020-ലെ ഉത്തരവു പ്രകാരം 4,62,82,834/- രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന്, 2016-ൽ നിന്നും 2018-ലേക്ക് ഡി.എസ്.ആർ മാറിയതിനെത്തുടർന്ന് 5,35,77,000/- രൂപയായി പുതുക്കിയ ധനാനുമതിയും നൽകി. നിലവിൽ പനച്ചമൂട് മത്സ്യമാർക്കറ്റ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് നിലനിന്നിരുന്ന പഴയ കെട്ടിടങ്ങൾ ഇടിച്ചു മാറ്റിയിട്ടുള്ളതും സിവിൽ-ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി എസ്.പി.വി ടെന്റർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | കിഫ്ബി ധനാനുമതി നൽകിയ മത്സ്യമാർക്കറ്റ് പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി 19-01-2023-ൽ KSCADC -യുമായി കൂടിയ യോഗത്തിൽ, പനച്ചമൂട് മത്സ്യമാർക്കറ്റ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് നിലനിന്നിരുന്ന പഴയ കെട്ടിടങ്ങൾ ഇടിച്ചു മാറ്റിയിട്ടുണ്ടെന്നും സിവിൽ-ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ടെന്റർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും KSCADC അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ, വർക്ക് അവാർഡ് ചെയ്ത് പദ്ധതി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ എസ്.പി.വി സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ